ടുക്കുകയും അതിൽ 5.275 കിലോമീറ്റർ പൂർത്തിയാക്കുകയും ചെയ്തു. 61.90 കിലോമീറ്റർ ഡിസ്ട്രിബ്യൂട്ടറികളുടെ വിശദമായ പര്യവേഷണം നടന്നുവരുന്നു.

(ഡി) മൂവാറ്റുപുഴ ജലസേചനപദ്ധതിയിൽ 'ഓൺ മെറ്റീരിയൽ' സിസ്റ്റത്തിൽ ഏർപ്പാട് ചെയ്ത പണികളെക്കുറിച്ച് വിജിലൻസ് അന്വേഷണം നടന്നുവരുന്നതിനാൽ ആ ഭാഗങ്ങളിലെ നിർമ്മാണം തടസ്സപ്പെട്ടിട്ടുണ്ട്. ഇതിൽപ്പെട്ട 56 പണികളിൽ 16 എണ്ണം പൂർത്തിയായിരുന്നു. 6 എണ്ണം ടെർമിനേറ്റ് ചെയ്തിരുന്നു. 34 എണ്ണം വിവിധ ഘട്ടങ്ങളിൽ പൂർത്തിയാകാതെ കിടക്കുന്നു. കുരിയാർകുട്ടി-കാരപ്പാറ ജലസേചനപദ്ധതിയുടെ കനാൽ നിർമ്മാണം വിജിലൻസ് അന്വേഷണംമൂലം നിർത്തിവച്ചിട്ടുണ്ട്. വലതുകനാലിന്റെ കോരക്കാർ പുഴവരെ ഡിപ്പാർട്ടുമെന്റലായി അറേഞ്ച് ചെയ്ത നിർമ്മാണ പ്രവർത്തനങ്ങളാണ് നിർത്തിവച്ചത്. മൂലത്തറ റഗുലേറ്ററിന്റെ ഉയരം കൂട്ടുന്ന പ്രവർത്തനവും ഇതിനോടനുബന്ധിച്ച് നീട്ടിവച്ചു.

53 (2744) കമാന്റ് ഏരിയ ഡവലപ്മെന്റ് അതോറിറ്റിയുടെ കീഴിൽ ഏറ്റെടുത്തിട്ടുള്ള പ്രദേശങ്ങൾ

ശ്രീ. എൻ. കണ്ണൻ :
ശ്രീ. എം.വി. ജയരാജൻ :
ശ്രീ. ജി. സുധാകരൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. സി.കെ. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കമാന്റ് ഏരിയ ഡവലപ്മെന്റ് അതോറിറ്റിയുടെ കീഴിൽ ഏറ്റെടുത്തിട്ടുള്ള പ്രദേശങ്ങൾ ഏതെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇവിടെ ഇപ്പോൾ നടന്നുവരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ ഇനത്തിൽ കഴിഞ്ഞ സാമ്പത്തികവർഷം ആകെ എത്രരൂപ ഈ മേഖലയിൽ ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) കൂടുതൽ പ്രദേശങ്ങളെ അതോറിറ്റിയുടെ കീഴിൽ കൊണ്ടുവരാൻ ആലോചിക്കുന്നുണ്ടോ;

(ഇ) എങ്കിൽ ഏതെല്ലാം പ്രദേശങ്ങളാണ് പുതുതായി ഉൾപ്പെടുത്തുന്നത് എന്ന് വെളിപ്പെടുത്തുമോ;

(എഫ്) കാഡയുടെ ഇന്നുള്ള പ്രവർത്തനരീതിയിൽ എന്തെങ്കിലും മാറ്റങ്ങൾ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

ഉത്തരം

(എ) ആലപ്പുഴ, വാളയാർ, പോത്തുണ്ടി, ഗായത്രി, മംഗലം, പീച്ചി, വാഴാനി, ചീരക്കുഴി, ചാലക്കുടി, നെയ്യാർ, ചിറ്റൂർപുഴ, പെരിയാർവാലി, പമ്പ, കുറ്റ്യാടി എന്നീ 14 ജലസേചന പദ്ധതികളുടെ ആയക്കെട്ട് പ്രദേശങ്ങളിലാണ് ഇപ്പോൾ കാഡാ പ്രവർത്തനങ്ങൾ നടപ്പാക്കിവരുന്നത്. കൂടാതെ പഴശ്ശി, കാഞ്ഞിരപ്പുഴ എന്നീ പദ്ധതികളും കൂടെ കാഡായിൽ ഉൾപ്പെടുത്താൻ കേന്ദ്ര സർക്കാർ അനുവാദം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. സ്പൗട്ടുകളിൽനിന്ന് പാടങ്ങളിലേക്ക് നേരിട്ട് വെള്ളം എത്തിക്കുന്ന ഫീൽഡ് ചാനലുകളുടെ നിർമ്മാണം.

2. പാടങ്ങളിൽനിന്നും അധികജലം പുറത്തേയ്ക്ക് ഒഴുകുന്ന ഓവുചാലുകളുടെ നിർമ്മാണം.

3. ഭൂമി തരംതിരക്കൽ, നിരപ്പാക്കൽ, തിട്ടകെട്ടൽ തുടങ്ങി ഭൂമി രൂപപ്പെടുത്തുന്ന മറ്റു കാര്യങ്ങൾ തുടങ്ങിയ ജോലിക്ക് സബ്സിഡി നൽകൽ.

4. വെള്ളം കെട്ടിനിന്ന് വിളനാശം ഉണ്ടാകുന്നത് തടയുവാനുള്ള വെള്ളക്കെട്ട് നിവാരണപദ്ധതികൾ.

5. ആയക്കെട്ട് വെരിഫിക്കേഷൻ നടപടികൾ.

6. മാതൃകാ കൃഷിത്തോട്ടം നിർമ്മിക്കുക, കോപ്റ്റീവ് ട്രയൽ, കർഷകർക്കുള്ള പരിശീലനം നൽകൽ തുടങ്ങിയ കൃഷി അനുബന്ധ ജോലികൾ.

7. കർഷക സമിതികളുടെ രൂപീകരണവും മാനേജ്മെന്റ് സബ്സിഡി വിതരണവും.

8. വാരബന്ധി സൗകര്യം ഏർപ്പെടുത്തൽ.

9. കാഡപ്രവർത്തനങ്ങളുടെ അവലോകനവും പഠനവും

10. കിണർ കുഴിക്കുക, പമ്പുസെറ്റ് സ്ഥാപിക്കുക തുടങ്ങിയവയ്ക്ക് സബ്സിഡി അനുവദിക്കൽ.

(സി) ഈ ഇനത്തിൽ ചെലവാക്കിയ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

	കേന്ദ്രാവിഷ്കൃത പദ്ധതി	ചെലവാക്കിയ തുക (ലക്ഷത്തിൽ)
1.	എസ്റ്റാബ്ളിഷ്മെന്റ്	531.83
2.	മാനേജീരിയൽ സബ്സിഡി	18.90
3.	സർവേ പ്ളാനിംഗ്	9.68
4.	5-8 ഹെക്ടർ ബ്ളോക് വയലിലേക്ക് തുറക്കുന്ന ചാനൽ	395.11
5.	5-8 ഹെക്ടർ വയലിനുള്ളിലേക്ക് തുറക്കുന്ന ചാനൽ	0.33
6.	പാടത്തെ ഓവ്	343.43
7.	വാരബന്ധി	66.70
8.	ചെറുകിട നാമമാത്ര കർഷകർക്കുള്ള സബ്സിഡി	9.05
9.	അനുയോജ്യ പരിശീലനം	22.86
10.	പ്രദർശനം	442.50
11.	സ്റ്റേറ്റ് ഗവൺമെന്റ്/അതോറിറ്റി സ്പോൺസർ ചെയ്യുന്ന പരീശീലനം	7.60

LIBRARY ARCHIVES Kerala Legislative Assembly

12.	ഇന്ത്യാ ഗവൺമെന്റ് സ്പോൺസർ ചെയ്യുന്ന പരിശീലനം	0.22
13.	വിലയിരുത്തൽ പഠനം	1.21
14.	വയർലെസ്	-
15.	മറ്റിനങ്ങൾ	0.17
16.	വെള്ളക്കെട്ട് പ്രദേശങ്ങൾ നികത്തൽ	38.21
	സംസ്ഥാനാവിഷ്കൃത പദ്ധതി	
	ഫാം റോഡ്	193.60

(ഡി)&(ഇ) ഇല്ല. പക്ഷെ 60% ത്തിൽ കൂടുതൽ പണി പൂർത്തിയാക്കി ക്കഴിഞ്ഞ ജലസേചന പദ്ധതികളിൽകൂടി കാഡാ പ്രവർത്തനങ്ങൾ ആരംഭി ക്കുവാനുള്ള പ്രോജക്ട് റിപ്പോർട്ടുകൾ കേന്ദ്രജലവിഭവ മന്ത്രാലയത്തിന് അയ ച്ചുകൊടുക്കുവാൻ നിർദ്ദേശമുണ്ട്.

(എഫ്) ഇല്ല.

54 (2745) ശുദ്ധജല വിതരണം നടത്താത്ത പ്രദേശങ്ങൾ

ശ്രീ. പാലോട് രവി :

ശ്രീ. കെ. മുഹമ്മദാലി :

ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേച നവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ മുനിസി പ്പൽ കോർപ്പറേഷൻ അതിർത്തികളിൽ ശുദ്ധജലവിതരണം നടത്താത്ത ഏതെ ങ്കിലും പ്രദേശങ്ങൾ ഉണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം പ്രദേശങ്ങൾ; ഈ സ്ഥലങ്ങളിൽ ശുദ്ധജലം ലഭിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) തിരുവനന്തപുരം, എറണാകുളം എന്നീ മുനിസിപ്പൽ കോർപ്പ റേഷൻ അതിർത്തികളിൽ എല്ലാ ഭാഗങ്ങളിലും ശുദ്ധജലവിതരണം നടത്തു ന്നുണ്ട്. കോഴിക്കോട് കോർപ്പറേഷൻ അതിർത്തിയിൽ പല ഭാഗത്തും പ്രത്യേ കിച്ച് ഉയർന്ന പ്രദേശങ്ങളിൽ ഇനിയും പൈപ്പുലൈൻ സ്ഥാപിക്കുവാനുണ്ട്.

(ബി) തിരുവനന്തപുരം കോർപ്പറേഷനിലെ ചില ഉയർന്ന പ്രദേശങ്ങ ളിൽ ഭാഗീകമായി മാത്രമേ ശുദ്ധജല വിതരണം നടത്താൻ കഴിയുന്നുള്ളൂ. തിരുവനന്തപുരം കോർപ്പറേഷൻ അതിർത്തിയിൽ എം.ആർ.ഹിൽ എന്ന സ്ഥലത്തേയ്ക്ക് ശുദ്ധജലം എത്തിക്കുന്നതിന് അടുത്തുള്ള സ്കൂൾ കോമ്പൗ ണ്ടിൽ പമ്പ് ഹൗസ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു. കോഴിക്കോട് കോർപ്പറേഷൻ അതിർത്തിയിൽ പല ഭാഗത്തും പ്രത്യേകിച്ചു ഉയർന്ന പ്രദേശങ്ങളിൽ ഇനിയും പൈപ്പുലൈൻ സ്ഥാപിക്കുവാനുണ്ട്. എങ്കിലും ഇപ്പോൾ എൽ.ഐ.സി. യുടെ സഹായത്തോടെ നടപ്പാക്കിവരുന്ന കോഴിക്കോട് ശുദ്ധജല വിപുലീകരണപദ്ധതിയുടെ രണ്ടാം ഘട്ടം 2001-ൽ പൂർത്തിയാകുമ്പോൾ 18 ദശലക്ഷം ലിറ്റർ ശുദ്ധജലംകൂടി പ്രതിദിനം കോഴിക്കോട് നഗരത്തിൽ വിതരണം ചെയ്യുവാൻ കഴിയും. ശുദ്ധജലത്തിന്

LIBRARY ARCHIVES Kerala Legislative Assembly